299 (1479) താൽക്കാലിക നിയമനം ലഭിച്ച വികലാംഗരെ സ്ഥിരപ്പെടുത്തുന്ന നടപടി

ശ്രീ. പി.കെ. അബ്ദുറബ്ബ് :
ശ്രീ. എം.കെ. മുനീർ :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യക്ഷേമ വകുപ്പിൽ 1999 നവംബർ വരെ താൽക്കാലിക നിയമനം ലഭിച്ച വികലാംഗരെ സ്ഥിരപ്പെടുത്തുന്ന കാര്യം സർക്കാർ പരിഗണിക്കുന്നുണ്ടോ;

(ബി) ഇവരെ സ്ഥിരപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) സാമൂഹ്യക്ഷേമ വകുപ്പിൽ 1999 നവംബർവരെ താൽക്കാലിക നിയമനം ലഭിച്ച വികലാംഗരെ സ്ഥിരപ്പെടുത്തുന്നകാര്യം ഇപ്പോൾ പരിഗണനയിലില്ല.

(ബി) ഇപ്പോൾ പരിഗണിക്കാൻ നിർവ്വാഹമില്ല.

300 (1480) വികലാംഗർക്കുള്ള തൊഴിലുപകരണങ്ങളുടെ വിതരണം

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
ശ്രീ. പി. രാജു :
ശ്രീ. കെ.പി. രാജേന്ദ്രൻ :
ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്ഗ്) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം വികലാംഗരായ എത്രപേർക്ക് തൊഴിലുപകരണങ്ങൾ വിതരണം ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ പുരുഷൻമാർക്ക് എത്ര വിതരണം ചെയ്തു; സ്ത്രീകൾക്കെത്ര വിതരണം ചെയ്തു;

(സി) എത്ര രൂപയുടെ എന്തെല്ലാം തൊഴിലുപകരണങ്ങളാണ് വിതരണം ചെയ്തിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ഡി) വികലാംഗരായവർക്കുവേണ്ടി എത്ര തൊഴിൽപരിശീലന കേന്ദ്രങ്ങൾ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്; ഇനി എത്ര പരിശീലനകേന്ദ്രങ്ങൾകൂടി തുറക്കുവാനുദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വികലാംഗരായ ആളുകൾക്ക് തൊഴിൽ ഉപകരണങ്ങൾ വിതരണം ചെയ്യുന്ന പദ്ധതി സാമൂഹ്യക്ഷേമ വകുപ്പിൽ നിലവിലില്ല.

(ബി)&(സി) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) വികലാംഗർക്കുവേണ്ടി സംസ്ഥാന സർക്കാരിന്റെ കീഴിൽ തിരുവനന്തപുരത്തും, കോഴിക്കോടും ഓരോ തൊഴിൽ പരിശീലന കേന്ദ്രങ്ങളുണ്ട്. സർക്കാർ അനുമതിയോടെ പത്തനംതിട്ട ജില്ലയിൽ "വള്ളംകുളം" എന്ന സ്ഥലത്ത് ഒരു തൊഴിൽ പരിശീലന കേന്ദ്രം, സ്വകാര്യമേഖലയിൽ പ്രവർത്തിക്കുന്നു. കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷന്റെ കീഴിൽ വികലാംഗർക്കാവശ്യമായ സഹായ ഉപകരണങ്ങൾ നിർമ്മിക്കുന്നതിനും അവ റിപ്പയർ ചെയ്യുന്നതിനും, അതിന് പരിശീലനം നൽകുന്നതിനുമുള്ള കേന്ദ്രം ഈ സാമ്പത്തികവർഷംതന്നെ തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

301 (1481) ജുവനൈൽ ഹോമുകളിൽനിന്നും വിടുതൽ ചെയ്യപ്പെടുന്ന കുട്ടികളുടെ പുനരധിവാസം

ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജുവനൈൽ ഹോമുകളിൽനിന്നും വിടുതൽ ചെയ്യപ്പെടുന്ന കുട്ടികളുടെ പുനരധിവാസത്തിന് എന്തെങ്കിലും പദ്ധതികൾ നിലവിലുണ്ടോ;

(ബി) എങ്കിൽ അവ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) ഇപ്രകാരമുള്ള കുട്ടികളെ സാമൂഹ്യധാരയിലേക്കു കൊണ്ടുവരാൻ എന്തെങ്കിലും പുതിയ പരിപാടികൾ പരിഗണനയിലുണ്ടോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ജുവനൈൽ ഹോമുകളിൽനിന്നും വിടുതൽ ചെയ്യുന്ന അനാഥരായ കുട്ടികളെ ആഫ്റ്റർ കെയർ ഹോമുകളിൽ താമസിപ്പിച്ചു വിദ്യാഭ്യാസം, തൊഴിൽപരിശീലനം വിദ്യാഭ്യാസം എന്നിവ നൽകി പുനരധിവസിപ്പിച്ചു വരുന്നു.

ആഫ്റ്റർ കെയർ ഹോമുകളിൽ പ്രവേശിപ്പിക്കപ്പെടുന്ന കുട്ടികൾ പോളിടെക്നിക്, ഐ.ടി.ഐ. തുടങ്ങിയ സാങ്കേതിക കോഴ്സുകൾക്ക് ചേരുന്നതിന് അവസരം നൽകിവരുന്നുണ്ട്. കൂടാതെ 23.5.79-ലെ ജി.ഒ.(എം.എസ്.) 397/79/ജി.എ.ഡി. പ്രകാരം ടി സ്ഥാപനത്തിലെ അന്തേവാസികൾക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുള്ള നിയമനങ്ങൾക്ക് 10 വർഷത്തെ വയസ്സിളവ് ലഭിക്കുന്നുണ്ട്.

അന്തേവാസികളായ പെൺകുട്ടികളുടെ വിവാഹ ആവശ്യത്തിനായി 1500 രൂപ അനുവദിച്ചിട്ടുണ്ട്.

ജുവനൈൽ ജസ്റ്റീസ് സ്ഥാപനങ്ങളിൽ നിന്ന്വിടുതൽ ചെയ്യുന്നവരുടെ സാമൂഹ്യവത്കരണം, പുനരധിവാസം എന്നിവയ്ക്കുവേണ്ടി വിടുതൽ ചെയ്യുന്ന തീയതിമുതൽ മൂന്നു വർഷത്തേയ്ക്ക് പ്രൊബേഷൻ ഓഫീസറുടെ സേവനം പ്രയോജനപ്പെടുത്തിവരുന്നു. വിടുതൽ ചെയ്യുന്ന മുറയ്ക്ക് പ്രൊബേഷൻ ഓഫീസർമാരെ ആഫ്റ്റർ കെയർ ഓഫീസർമാരായി നിയമിക്കുകയും വിടുതൽ ചെയ്യുന്ന കുട്ടികളുടേയും അവരുടെ കുടുംബവുമായി ആലോചിച്ച് ലഭ്യമായ തൊഴിൽസൗകര്യങ്ങൾ പ്രയോജനപ്പെടുത്തി പുനരധിവസിപ്പിക്കുകയും ചെയ്തുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly